# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഡിസംബർ 1

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളജുകളിലെയും സീപാസിലെയും അഞ്ചാം സെമസ്റ്റർ എം.സി.എ. (റഗുലർ, സപ്ലിമെന്ററി - 2016 പുതിയ സ്കീം, (സ്റ്റാസ്) സപ്ലിമെന്ററി - 2016 അഡ്മിഷൻ, ലാറ്ററൽ എൻട്രി- 2017 അഡ്മിഷൻ) പരീക്ഷയുടെ കമ്പ്യൂട്ടർ ഗ്രാഫിക്സ് (എം.സി.എ. 501) വിഷയത്തിന്റെ പരീക്ഷ ഡിസംബർ നാലിന് ഉച്ചകഴിഞ്ഞ് രണ്ടു മുതൽ അഞ്ചുവരെ നടക്കും.

(പി.ആർ.ഒ/39/1250/2020)

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ നാലാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി.(ഓണേഴ്സ്- സി.എസ്.എസ്.) പരീക്ഷകൾ ഫെബ്രുവരി 24ന് ആരംഭിക്കും. വിശദവിവരം സ്കൂൾ ഓഫീസിൽ ലഭിക്കും.

(പി.ആർ.ഒ/39/1251/2020)

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ മൂന്നാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി.(ഓണേഴ്സ്- സി.എസ്.എസ്.) പരീക്ഷകൾ ജനുവരി 25ന് ആരംഭിക്കും. വിശദവിവരം സ്കൂൾ ഓഫീസിൽ ലഭിക്കും.

(പി.ആർ.ഒ/39/1252/2020)

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ രണ്ടാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി.(ഓണേഴ്സ്- സി.എസ്.എസ്.) പരീക്ഷകൾ ജനുവരി 11ന് ആരംഭിക്കും. വിശദവിവരം സ്കൂൾ ഓഫീസിൽ ലഭിക്കും.

(പി.ആർ.ഒ/39/1253/2020)

## സ്പോട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ നടത്തുന്ന എം.എ. സോഷ്യൽ വർക്ക് ഇൻ ഡിസെബിലിറ്റി സ്റ്റഡീസ് ആൻഡ് ആക്ഷൻ കോഴ്സിന് എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യരായവർ അസൽ സർട്ടിഫിക്കറ്റുകളുമായി ഡിസംബർ നാലിന് രാവിലെ 10ന് സ്കൂൾ ഓഫീസിൽ സ്പോട് അഡ്മിഷന് എത്തണം. മഹാത്മാഗാന്ധി സർവകലാശാല അംഗീകരിച്ച ബിരുദമാണ് അടിസ്ഥാന യോഗ്യത. വിശദവിവരത്തിന് ഫോൺ: 0481-2731034.

(പി.ആർ.ഒ/39/1254/2020)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിലെ എം.എ. പൊളിറ്റിക്സ് ആൻഡ് ഇന്റർനാഷണൽ റിലേഷൻസ്, പൊളിറ്റിക്സ് ആൻഡ് ഹ്യൂമൻ റൈറ്റ്സ്, പബ്ലിക് പോളിസി ആൻഡ് ഗവേണൻസ് എന്നീ പി.ജി. കോഴ്സുകളിൽ എസ്.ടി. വിഭാഗത്തിൽ ഒഴിവുള്ള സീറ്റിലേക്ക് സ്പോട് അഡ്മിഷനുള്ള ഇന്റർവ്യൂ ഡിസംബർ എട്ടിന് രാവിലെ 11ന് സ്കൂൾ ഓഫീസിൽ നടക്കും. യോഗ്യരായവർ യോഗ്യത സർട്ടിഫിക്കറ്റുകളുടെ അസൽ സഹിതം എത്തണം. വിശദവിവരത്തിന് ഫോൺ: 0481 2731040.

(പി.ആർ.ഒ/39/1255/2020)

## എം.എഡ്. സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസിലെ എം.എഡ്. പ്രോഗ്രാമിന് എസ്.സി., എസ്.ടി. വിഭാഗത്തിൽ സീറ്റൊഴിവുണ്ട്. എസ്.ടി. വിഭാഗത്തിൽ രണ്ടും എസ്.സി. വിഭാഗത്തിൽ ഒരു സീറ്റുമാണുള്ളത്. ക്യാറ്റ് 2020 പ്രോസ്പെക്ടസ് പ്രകാരം യോഗ്യരായവർ ഡിസംബർ നാലിനകം sps@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ അപേക്ഷ നൽകണം. യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതമാണ് അപേക്ഷിക്കേണ്ടത്. വിശദവിവരത്തിന് ഫോൺ: 0481 2731042.

(പി.ആർ.ഒ/39/1256/2020)

## എം.എസ് സി. സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസിൽ എം.എസ് സി. കോഴ് സിൽ എസ്.ടി. വിഭാഗത്തിൽ രണ്ട് സീറ്റൊഴിവുണ്ട്. അർഹരായവർ ജാതി, യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുമായി ഡിസംബർ നാലിന് രാവിലെ 11ന് പഠനവകുപ്പിൽ എത്തണം. ഫോൺ: 0481-2731037.

(പി.ആർ.ഒ/39/1257/2020)

## സിവിൽസർവീസ് ഇൻസ്റ്റിറ്റ്യൂട്ട്
## പ്രവേശനം; ഫലം പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രവേശനത്തിനായി നടത്തിയ ഇന്റർവ്യൂവിന്റെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം www.civilserviceinstitute.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾക്ക് ഇ-മെയിൽ മുഖേന പ്രവേശന മെമ്മോ ലഭിക്കും.

(പി.ആർ.ഒ/39/1258/2020)

## പരീക്ഷ ഫലം

2019 ഓഗസ്റ്റിൽ നടന്ന മൂന്നാം വർഷ ബി.എസ് സി. മെഡിക്കൽ മൈക്രോബയോളജി (പുതിയ സ്കീം സപ്ലിമെന്ററി -2015 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് ഡിസംബർ 10 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1259/2020)

2020 ജൂലൈയിൽ ഡോ. കെ.എൻ. രാജ് സ്റ്റഡി സെന്റർ ഫോർ പ്ലാനിങ് ആൻഡ് സെന്റർ സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (സി.എസ്.എസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1260/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ